➪ പാലിയേക്കര ടോൾ വിരുദ്ധ സമരത്തിൽ അവരൊന്നും പങ്കാളികളായിട്ടില്ല ➪

തെരഞ്ഞെടുപ്പ് നിലപാടുകൾ...

# ബി.ഒ.ടി, 45 മീറ്റർ റോഡിന് വോട്ടില്ല

കേരളത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് ദേശീയപാതാ വികസനം 30 മീറ്ററിൽ പരിമിതപ്പെടുത്താൻ കേന്ദ്രസർക്കാർ തയ്യാറായിട്ടും അതിനെതിരായിനിന്ന കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾക്കും ദേശീയപാത സ്വകാര്യവത്കരണത്തിന് അനുകൂലമായി നിൽക്കുന്നവർക്കും വോട്ടില്ലെന്ന് പറഞ്ഞ് നിലപാട് വ്യക്തമാക്കുന്നു ദേശീയപാത സംരക്ഷണ സമിതി ചെയർമാൻ

**ഹാഷിം ചേന്ദാമ്പിള്ളി**

**ബി.ഒ.ടി** വ്യവസ്ഥയിൽ, 45 മീറ്ററിൽ ദേശീയപാത നിർമ്മിക്കണമെന്ന് പറയുന്ന ഒരു സ്ഥാനാർത്ഥിക്കും വോട്ട് ചെയ്യില്ല എന്നതാണ് ദേശീയപാത സംയുക്ത സമരസമിതിയുടെ ഈ തെരഞ്ഞെടുപ്പിലെ നിലപാട്. ഒരു സ്ഥലത്ത് മാത്രമാണ് ദേശീയപാത സമര സമിതി സ്ഥാനാർത്ഥിയെ നിർത്തിയിട്ടുള്ളത്. പൊന്നാനി മണ്ഡലത്തിൽ സമര സമിതിയുടെ ജില്ലാ കൺവീനർ അബുലൈസ് സ്ഥാനാർത്ഥിയാണ്. മറ്റ് ജില്ലകളിൽ ആരെ പിന്തുണയ്ക്കണമെന്ന് സമരത്തിനോട് അതാത് സ്ഥാനാർത്ഥികൾ സ്വീകരിച്ച നിലപാടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കമ്മിറ്റികൾ തീരുമാനമെടുക്കും. ഇടത്-വലത് മുന്നണികളിലുള്ള രാഷ്ട്രീയ പാർട്ടികളൊന്നും ബി.ഒ.ടി വിഷയത്തിൽ വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടില്ല. ജനകീയ സമ്മർദ്ദത്തെ തുടർന്ന് ചിലർ വ്യക്തിപരമായി രംഗത്ത് വന്നിട്ടുണ്ടെങ്കിലും പാർട്ടി അടിസ്ഥാനത്തിൽ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളൊന്നും നിലപാട് വ്യക്തമാക്കിയിട്ടില്ല. കേരളത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് ദേശീയപാതാ വികസനം 30 മീറ്ററിൽ പരിമിതപ്പെടുത്താൻ കേന്ദ്രസർക്കാർ തയ്യാറായിട്ടും അതിനെതിരായ നിലപാടാണ് കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സ്വീകരിച്ചിട്ടുള്ളത്.

പാലിയേക്കരയിൽ ഒരു വർഷത്തിലേറെയായി നടക്കുന്ന ടോൾ വിരുദ്ധ സമരത്തിൽ അവരൊന്നും പങ്കാളികളായിട്ടില്ല. സ്വകാര്യവത്കരണം കോൺഗ്രസിന്റെ നയമാണെന്ന് പറയാം. പക്ഷെ ഇടതുപക്ഷം, നവലിബറൽ നയങ്ങൾക്ക് എതിരാണ് എന്ന് പറഞ്ഞുകൊണ്ടാണ് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്നത്. എന്നാൽ നവലിബറൽ നയത്തിന്റെ ഭാഗമായി വന്ന ബി.ഒ.ടി പദ്ധതികളേയും ടോളിനെ കേരളത്തിൽ എതിർക്കുന്നതിൽ അവർ പരാജയപ്പെട്ടിരിക്കുകയാണ്. പാലിയേക്കര സമരത്തിൽ അവർ പങ്കെടുത്തിട്ടില്ല എന്നത് ഇടതുപക്ഷത്തിന് സംഭവിച്ച വലതുവ്യതിയാനത്തിന്റെ കൃത്യം ഉദാഹരണമാണ്.

ഇനി അത്തരത്തിൽ നയമൊന്നുമില്ലെങ്കിലും 45 മീറ്ററിൽ റോഡ് നിർമ്മിക്കുക എന്നത് കേരളത്തെ സംബന്ധിച്ച് അപ്രായോഗികമാണെന്ന് സാമാന്യബുദ്ധിയുള്ള ആർക്കും ബോധ്യമാകും. കേരളത്തിലെ ജനസാന്ദ്രതയുടെയും ഭൂമി ലഭ്യതയുടെ കുറവിന്റെയും പ്രശ്നങ്ങൾ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും

➪ പൊതുവഴി അടച്ചതിന് ടോൾ കമ്പനിയെ വിചാരണ ചെയ്യുകയാണ് വേണ്ടത് ➪



ബോധ്യമുള്ള കാര്യമാണ്. എന്നിട്ടും 45 മീറ്റർ വീതിയുള്ള സ്വകാര്യപാതയ്ക്ക് വേണ്ടി അവർ വാദിക്കുന്നത് സംശയാസ്പദമാണ്. മാത്രമല്ല, പാലിയേക്കരയിലെ അഴിമതി കണ്ടില്ലെന്ന് നടിക്കുന്നത് അനാസ്ഥയാണ്.

ദേശീയപാതയ്ക്ക് സമാന്തരമായി പാലിയേക്കരയിൽ ഉണ്ടായിരുന്ന ബദൽ റോഡ് സ്വകാര്യകമ്പനി അടച്ചുപൂട്ടിയിരുന്നു. കോടതിവിധിയുണ്ടെന്ന് പറഞ്ഞാണ് റോഡ് പാതിരാത്രിയിൽ അടച്ചുപൂട്ടിയത്. കോടതി അങ്ങനെയൊരു വിധി പ്രസ്താവിച്ചിട്ടില്ലെന്ന് അടുത്തിടെ ടോൾ സംബന്ധിച്ച ഒരു കേസിന്റെ വിധിയിൽ ഹൈക്കോടതി പറയുകയുണ്ടായി. അങ്ങനെയെങ്കിൽ വലിയ ചതിയാണ് പാലിയേക്കരയിൽ നടന്നത്. കോടതിവിധിയുണ്ടെന്ന് പറഞ്ഞ് പൊതുജനത്തെ തെറ്റിദ്ധരിപ്പിച്ച് പൊതുവഴി അടച്ചതിന് ടോൾ കമ്പനിയെ വിചാരണ ചെയ്യുകയാണ് വേണ്ടത്. പൊതുനിരത്ത് അടച്ചുകെട്ടാൻ ഒരു മുതലാളി കോടതിയെ സമീപിക്കുന്നതും കോടതി അതിന് മൗനസമ്മതം കൊടുക്കുന്നതും ഭരണകൂടം റോഡ് അടച്ചുകെട്ടാൻ കൂട്ട്നിൽക്കുന്നതും ലോകത്തിലെ ആദ്യസംഭവമാകും. തെരഞ്ഞെടുപ്പിൽ ഈ വിഷയം ഞങ്ങൾ ശക്തമായി ഉന്നയിക്കും.

ദേശീയതലത്തിൽ ടോളിനെതിരെ ശക്തമായ വികാരം ഈ തെരഞ്ഞെടുപ്പിൽ ഉയർന്നുവന്നിട്ടുണ്ട്. മഹരാഷ്ട്രയിൽ നവനിർമ്മാൺ സേന ടോളിനെതിരെ ശക്തമായി രംഗത്ത് വന്നതോടെ ഉദ്ധവ്താക്കറെ സംസ്ഥാനത്തെ ടോൾ ഫ്രീയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. മധ്യപ്രദേശിലും രാജസ്ഥാനിലും ഉള്ള കർഷക സംഘടനകൾ കാർഷികോത്പന്നങ്ങൾക്ക് വില കുറയുന്നു എന്ന കാരണത്താൽ ടോളിനെതിരെ രംഗത്ത് വന്നു. എൻ.എച്ച് 8ൽ (ദില്ലി-ഗുർഗാവ്) കർഷക സംഘടനകളുടെ പ്രതിഷേധം കാരണം ടോൾ ഒഴിവാക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. അവിടങ്ങളിലെല്ലാം പല ദേശീയ പാർട്ടികളും സമരത്തിന് പിന്തുണ നൽകിയിട്ടുണ്ട്. കേരളത്തിൽ മാത്രമാണ് അങ്ങനെയൊരു സ്ഥിതിവിശേഷമില്ലാത്തത്. എന്നാൽ അരഡസനോളം സമാന്തര പാർട്ടികൾ കേരളത്തിൽ ടോൾ വിരുദ്ധ സമരത്തെ പിന്തുണയ്ക്കുന്നുണ്ട്. വൈകാതെ ജനങ്ങളും അത്തരം സമാന്തര പാർട്ടികളുടെ പക്ഷത്തേക്ക് മാറുമെന്നതാണ് യഥാർത്ഥ്യം. അത്തരം ധ്രുവീകരണം ഇപ്പോൾത്തന്നെ നടന്നിട്ടുണ്ട്.

ഈ വിഷയങ്ങളെല്ലാം ഉന്നയിച്ച് പ്രാദേശികതലത്തിൽ ദേശീയപാത സംയുക്ത സമരസമിതിയുടെ ജില്ലാ കമ്മിറ്റികൾ കാമ്പയിൻ സംഘടിപ്പിക്കും. ബി.ഒ.ടി – 45 മീറ്റർ റോഡിനെ പിന്തുണയ്ക്കുന്നവർക്ക് വോട്ടില്ല എന്നെഴുതിയ ബോർഡ് കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ വീടിന് മുന്നിൽ പ്രദർശിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ■